നിരന്തര കുറ്റവാളിയെ കാപ്പ ചുമത്തി നാടു കടത്തി. അയ്യമ്പുഴ മുരിങ്ങേടത്തുപാറ കൂട്ടാല വീട്ടിൽ നിഖിൽ (നിഖിൽ കൂട്ടാല 24 )നെയാണ് ഒരു വർഷത്തേക്ക് നാടു കടത്തിയത്. കാലടി, അങ്കമാലി, അയ്യമ്പുഴ, പീച്ചി പോലീസ് സ്റ്റേഷനുകളിലായി കവർച്ച, നരഹത്യാശ്രമം, സംഘം ചേരൽ, അതിക്രമിച്ചു കടക്കൽ, ആയുധം കൈവശം വയ്ക്കൽ, ഔദ്യോഗിക കൃത്യനിർവ്വഹണം തടയൽ തുടങ്ങിയ കേസുകളിലെ പ്രതിയാണ്. ഓപ്പറേഷൻ ഡാർക്ക് ഹണ്ടിന്റെ ഭാഗമായാണ് നടപടി.